**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1377** **10-10-2024 - ൽ മറുപടിയ്ക്ക്**

**പാഠ്യപദ്ധതി പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി മൂല്യനിർണ്ണയ രീതിശാസ്ത്രം സമഗ്രമായി പരിഷ്കരിക്കുന്നതിന് എഴുത്ത് പരീക്ഷയ്ക്ക് മാത്രമായി മിനിമം മാർക്ക് ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | പാഠ്യപദ്ധതിയുടെ ഭാഗമാണ് മൂല്യനിർണ്ണയ രീതിശാസ്ത്രം. സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ആധുനിക കാലത്തിന്റെ സാധ്യതകളെ കൂടി പ്രയോജനപ്പെടുത്തി മൂല്യനിർണ്ണയരീതിശാസ്ത്രവും പരിഷ്കരിക്കുകയാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കേന്ദ്രം കുട്ടികൾ ആയതിനാൽ ഓരോ കുട്ടിയേയും പരിഗണിക്കുന്നത് കൂടിയാവണം നമ്മുടെ മൂല്യനിർണ്ണയരീതിശാസ്ത്രം. നിലവിൽ വിദ്യാലയങ്ങളിൽ നിരന്തരമൂല്യനിർണ്ണയ പ്രക്രിയയും ആത്യന്തിക മൂല്യനിർണ്ണയ പ്രക്രിയയുമാണ് പിന്തുടരുന്നത്. നിരന്തര മൂല്യനിർണ്ണയപ്രക്രിയ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. സാങ്കേതികവിദ്യ കൂടി ഉപയോഗപ്പെടുത്തി കൂടുതൽ സമഗ്രവും സുതാര്യവുമായ രീതിയിൽ നിരന്തരമൂല്യനിർണ്ണയപ്രക്രിയ പരിഷ്കരിക്കും. ആത്യന്തിക മൂല്യനിർണ്ണയ പ്രക്രിയയുടെ ഭാഗമായുള്ള എഴുത്ത് പരീക്ഷാരീതി കൂടാതെ ഓൺലൈൻ പരീക്ഷകൾ, തുറന്ന പുസ്തക പരീക്ഷാരീതി എന്നിവയും ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ചോദ്യപേപ്പറുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിക്കും. 2024- 25 അധ്യയന വർഷം 8-ാം ക്ലാസിലും 2025- 26 അധ്യയന വർഷം 9-ാം ക്ലാസിലും 2026-27അധ്യയന വർഷം 10-ാം ക്ലാസിലും പൊതുപരീക്ഷകളിൽ എഴുത്തു പരീക്ഷയിൽ പേപ്പറുകൾക്ക് സബ്ജക്ട് മിനിമം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 8, 9, 10 ക്ലാസുകളിൽ കുട്ടികളുടെ അക്കാദമികമായ മികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള പരിപാടികളുടെ ഭാഗമായാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്. ഈ പ്രക്രിയയിലൂടെ ഒരു കുട്ടിയും വിദ്യാഭ്യാസപ്രക്രിയയിൽ നിന്നും പിന്തള്ളപ്പെട്ടുപോകുന്നില്ല എന്ന് ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുന്ന നിരന്തര പഠനപിന്തുണാ പരിപാടികളും വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഓരോ ഘട്ടത്തിലും നടക്കുന്ന മൂല്യനിർണ്ണയ പ്രക്രിയയ്ക്കുശേഷം പഠനത്തിൽ പിന്തുണ വേണ്ട കുട്ടികളെ കണ്ടെത്തി പ്രത്യേകം പിന്തുണാ പരിപാടി നൽകുക എന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം. |

സെക്ഷൻ ഓഫീസർ